GOVT VOCATIONAL HSS
EDAYANNUR




GOVT.V.H.S.S EDAYANNUR

# THE FUTURE

ഗവ:വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്രൂൾ
എടയന്നൂർ 2023- 26 ലിറ്റിൽ കൈറ്റ്സ് ബാച്ച്
സമർപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ

GOVT.V.H.S.S EDAYANNUR

# ചരിത്ര പശ്ചാത്തലം ഒരു അവലോകനം

ഇടയന്റെ ഊര് എന്നറിയപ്പെടുന്ന എടയന്നൂരിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചത് ശ്രീ കുട്ടിയാടാൻ രാമൻ ഗുരുക്കൾ ആണ് .ധനക്കിൽ എന്ന പറമ്പിൽ ആണ് വിദ്യാലയം.അദ്ദേഹം അത് മഞ്ഞക്കുന്നിൽ മൊയ്ദീൻ എന്നവർക്ക് കൈമാറി.അദ്ദേഹത്തിൻ്റെ മരണശേഷം മകൻ കമാൽ കുട്ടി കമല്ലുട മാനേജർ ,സ്ക്രൂളും സ്ഥലവും കനിയാട്ട കമാൽ എന്നവർക്ക് കൈമാറി . കട്ട ചുമരോട് ക്രൂടിയ ഓല മേഞ്ഞ കെട്ടിടത്തിൽ ശ്രീ കോമത്ത് കണ്ണൻ ഗുരുക്കളുടെ നേതൃത്വത്തിൽ അധ്യയനം നടത്തി വന്നു.

1926 ൽ പ്രസ്തുത സ്ഥാപനം ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്ത വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.ശ്രീ സി.എച്.കുട്ടിരാമൻ നമ്പ്യാർ, ശ്രീകുഞ്ഞിരാമൻ മാസ്റ്റർ, എന്നിവരായിരുന്നു മറ്റ അദ്ധ്യാപകർ. പൊളിഞ്ഞു വീഴാറായതും ചോർച്ചയുള്ളതുമായ കെട്ടിടത്തിൽ ക്ലാസുകൾ നടത്താൻ കഴിയാതെ വന്നപ്പോൾ അധ്യയനം ചാലോടിൽ ഉണ്ടായിരുന്ന ബംഗ്ളാവ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലേക്ക് മാറ്റി. സ്ഥാപനം നഷ്ടപ്പെടുമെന്ന ഘട്ടം വന്നപ്പോൾ നാട്ടുകാരുടെ പ്രേരണയാൽ കനിയാട്ട കമാൽ കെട്ടിടം പുതുക്കി പണിതു. വിദ്യാലയം വീണ്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കാൻതുടങ്ങി.



1997 ൽ അന്നത്തെ എം ൽ എ ആയിരുന്ന ശ്രീ കെ ടി കുഞ്ഞഹമ്മദിൻ്റെയും പിടിഎ യുടെയും ശ്രമഫലമായി വൊക്കേഷണൽ ഉയർത്തപ്പെട്ടു. തുടക്കത്തിൽ അക്കൗഡൻസി മാർക്കറ്റിങ്, മാർക്കറ്റിങ് ആൻഡ് സ്സെയിസ്മാൻ ഷിപ്, എന്നി കോഴ്സുകൾ ആണ് അനുവദിച്ചത്. തുടർന്ന് കമ്പ്യൂട്ടർ ആപ്പിളിക്കേഷൻ, മെഡിക്കൽ ലബോറട്ടറി ടെക്കനീഷൻ എന്ന കോഴ്സുകളും അനുവദിക്കപ്പെട്ട പല പരാധീനതകളും ഉണ്ടായിട്ടുണ്ട് .എങ്കിലും പി ടി എ യുടെ ശ്രമഫലമായി അവയെല്ലാം പരിഹരിക്കപ്പെട്ടു. എന്നിരുന്നാലും വി എച് സി വിഭാഗം പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടത്തിന്റെ അപര്യാപ്തത ഇപ്പോഴും നിലനിൽക്കുന്നു. പി ടി എ പ്രസിഡന്റ് സ്ഥലം വിലകൊടുത്തു. കളിസ്ഥലത്തിനോട് ചേർത്ത് ഒരു വർക്ഷോപ്പ് അനുവദിച്ചു കിട്ടി .ഒരു കമ്പ്യൂട്ടർ ലാബും സജ്ജീകരിക്കപ്പെട്ടു

ജില്ലാ പഞ്ചായത്ത് മെമ്പർ ആയിരുന്ന ശ്രീ പി [illegible] ശ്രമഫലമായി നാല് ക്ലാസ് മുറികളുള്ള ഒരു കെട്ടിടം ജില്ല പഞ്ചായത്ത് അനുവദിക്കുകയുണ്ടായി. ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൻ്റെ വകയായി ഒരു പാചക പുരയും നിർമ്മിക്കപ്പെട്ടു .

GOVT.V.H.S.S EDAYANNUR

1956 ൽ പ്രസ്തുത സ്ഥാപനം ഹയർ എലിമെൻ്ററി സ്ക്കൂൾ ആയി മാറി. മട്ടന്നൂരിൽ ചട്ടിയോത്ത് എന്ന പറമ്പിൽ പ്രവർത്തിച്ചിരുന്ന ബോർഡ് എലിമെൻ്ററി സ്ക്കൂൾ കുട്ടികളുടെ കുറവ് കാരണം അംഗീകാരം നഷ്ടപ്പെടുകയും ഈ സ്ക്കൂളിനോട് ലയിപ്പിക്കുകയും ഉണ്ടായി തുടർന്ന് 1957 ൽ ഗവർമെൻ്റ് അപ്പർ പ്രൈമറി സ്ക്കൂൾ ആയും മാറി .സർവ്വശ്രീ പാഴായെടത് കുട്ട്യപ്പ, കുഞ്ഞിരാമൻ നമ്പ്യാർ, എം എം രാമുണ്ണി മാസ്റ്റർ തോണ്ടാൻ കുട്ടി മാസ്റ്റർ, കനിയാട്ട കമാൽ, ശങ്കുണ്ണി വൈദ്യർ, എം നാരായണൻ നമ്പ്യാർ, ചാത്തോത് ഗോവിന്ദൻ ആമേരി നാരായണൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള ശ്രമം നടന്നത്.സർവ ശ്രീ ഓ നാരായണൻ നമ്പ്യാർ, ഉണ്ണിമാസ്റ്റർ, മാധവി ടീച്ചർ,ലീല ടീച്ചർ തുടങ്ങിയവരായിരുന്നു ആദ്യ അദ്ധ്യാപകർ .

1971 ൽ ശ്രീ കൊയ്യാൽ കണ്ണോത്ത് കുഞ്ഞിരാമൻ ,ശ്രീ പി കെ ഗോപാലൻ നമ്പ്യാർ എന്നിവരുടെ കൈവശം ഉള്ള ഒന്നര ഏക്കർ സ്ഥലം സ്ക്കൂളിന് വേണ്ടി ഏറ്റെടുത്തു.അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ പി കെ രാഘവൻ നമ്പ്യാർ ,ശ്രീ പി ആനന്ദൻ എന്നിവരാണ് ഇതിനു ആവശ്യമായ ശ്രമം നടത്തിയത്. 1976 ൽ മാത്രമാണ് സ്ഥാപനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടത് . പത്തു ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും ഉൾപ്പെടുന്ന കെട്ടിടമായിരുന്നു അത്.

1980 ൽ സർവ്വശ്രീ കെ മൊയ്ദീൻ കുട്ടി ഹാജി, സി. എം ആയംമ്മത്കുട്ടി എം.രാഘവൻ മാസ്റ്റർ, കെ.കുഞ്ഞിക്കണ്ണൻ എന്നിവർ ഭാരവാഹികളായ കമ്മിറ്റി ഈ വിദ്യാലയം ഹൈസ്ക്കൂൾ ആയി ഉയർത്തുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തി. ഒരേക്കർ സ്ഥലവും നാല് ക്ലാസ്സ്മുറികൾ ഉൾപ്പെടുന്ന കെട്ടിടവും എടുത്ത് സർക്കാരിന് കൈമാറണം എന്നായിരുന്നു നിബന്ധന. നിശ്ചിത ദിവസത്തിനുള്ളിൽ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ പണം സ്വരൂപിക്കാൻ പറ്റാതെ വന്നപ്പോൾ ഈ പ്രദേശത്തുള്ള പത്തൊൻപതു പേര് തങ്ങളുടെ കൈയിലുള്ള സ്വർണ്ണ വളയും ചൈനും ബാങ്കിൽ പണയം വെച്ച് സ്ഥലം രജിസ്റ്റർ ചെയ്തു. കടം എടുത്ത തുക പിന്നീട് കമ്മിറ്റി തിരിച്ചു കൊടുക്കുകയായിരുന്നു .

പഞ്ചായത്തിലെ പ്രൈമറി അധ്യാപകർക്ക് കോഴ്സ് നൽകുന്നതിന് രണ്ടു ലക്ഷം രൂപ ചെലവിൽ സി ആർ സി കെട്ടിടവും പൂർത്തിയാക്കി ഹയർ സെക്കണ്ടറി വിഭാഗം കൂടി ആരംഭിച്ചു . സയൻസ് , ഹ്യൂമാനിറ്റീസ് എന്നീ ബാച്ചുകളാണ് അനുവദിച്ചു കിട്ടിയത് . ഹയർ സെക്കൻ്ററി വിഭാഗത്തിന് വേണ്ടി ശ്രീ എ പി അബ്ദുള്ള കുട്ടി എം പി യുടെ വികസന ഫണ്ടിൽ നിന്ന് ഇരുനില കെട്ടിടം പണി തീർത്തു. തുടർന്ന് ഹയർ സെക്കന്റ്ററി കോംപ്ലക്സ്
കെട്ടിടം അനുവദിച്ചു കിട്ടി. എങ്കിലും കെട്ടിടം നിർമ്മിക്കാൻ സ്ഥല പരിമിതി അനുവദിച്ചില്ല. പി ടി എ യുടെ ശ്രമഫലമായി ശ്രീ സി രാഘവൻ മാസ്റ്റർ, ശ്രീമതി. പി ഗിരിജ എന്നിവരുടെ കൈവശം
ഉണ്ടായിരുന്ന 65 സെൻ്റ് സ്ഥലം ജില്ലാപഞ്ചായത് വില കൊടുത്തു വാങ്ങി .കെട്ടിടം നിർമിക്കുന്നതിന് ആവശ്യമായ സ്ഥലം നിരപ്പാക്കുന്നതിനു പി. ടി.എ. ഒരുക്കിയ ലക്ഷത്തിൽ അധികം രൂപ ചെലവായി . ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 3 നില കെട്ടിടത്തിന്
ജില്ലാ പഞ്ചായത്ത് വാർഡ് സ്കിമിൽ ഉൾപ്പെടുത്തി അനുമതി നൽകിയെങ്കിലും കെട്ടിടത്തിൻ്റെ ഒരുനില മാത്രമേ പൂർത്തി ആയിട്ടുള്ളു . നിർമിതി കേന്ദ്രം പണി തീർത്ത കെട്ടിടത്തിൻ്റെ ഉത്ഘാടനം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ എം എ ബേബി ആണ് നിർവഹിച്ചത്. കെട്ടിടത്തിൻ്റെ അടുത്ത ഘട്ട നിർമാണപ്രവർത്തനം എത്രയും വേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തുടർന്ന് ചുറ്റുമതിലിനിടെ ഒരു ഭാഗം പണി സംവിധാനവും ടൊയ്‌ലെറ്സ് സൗകര്യവും ഒരുക്കേണ്ടതുണ്ട്. ഇവക്കെല്ലാം ഫണ്ട് അനുവദിച്ചത് ജില്ലാ പഞ്ചായത്ത് ആണ് . അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ ഒരു ഐ ഇ ഡി സെൻ്റർ പ്രവർത്തിക്കുന്നുണ്ട് .എം എൽ എ കെ കെ ശൈലജ ടീച്ചറുടെ വികസനം ഉപയോഗിച്ച് ഒരു ബസ് അനുവദിച്ചു കിട്ടിയത് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഒരു കൂട്ടായ്മ വളർത്തി യെടുക്കുവാൻ അദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

GOVT.V.H.S.S EDAYANNUR

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിന് ലഭിച്ച മുഴുവൻ തുകയും സ്ക്കൂൾ കമ്മിറ്റിക്കു തന്നു കൊണ്ട്പഞ്ചായത്ത് ഭരണ സമിതി സഹായിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡൻ്റ് ആയിരുന്ന ഇ. കുമാരൻ മാസ്റ്ററുടെ സഹായ സഹകരണങ്ങൾ പ്രത്യേകം സ്മരണീയമാണ്. ശ്രീ പിത്ത്യാനന്ദൻ,ശ്രീ. കെ .കെ ഭരതൻ എന്നിവരാണ് ഓഫീസ് സംബന്ധമായ കാര്യങ്ങൾക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയത്. അന്ന് പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീ .ഇ. കുമാരൻ മാസ്റ്റർ എല്ലാവിധ സഹായങ്ങളും നൽകിയിരുന്നു.

1980 ജൂലൈ 21 ന് ഹൈസ്ക്കൂൾ ആയിക്കൊണ്ട് പ്രവർത്തനം ആരംഭിച്ചു . ശ്രീ. കെ. പി നാരായണൻ നമ്പ്യാർ ആണ് ഹെഡ്മാസ്റ്റർ ഇൻ ചാർജ്ജ് ആയി നിയമിക്കപ്പെട്ടത്. 1983 ൽ മാത്രമാണ് ഹെഡ്മാസ്റ്റർ തസ്തിക അനുവദിച്ചത്. ശ്രീമതി പി. രാജമ്മ ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് തുടർന്ന് കാലാകാലമായി മാറി മാറി വന്നിരുന്ന പല ഹെഡ്മാസ്റ്റർ മാരും ഈ സ്ഥാപനത്തിന് വേണ്ടി സ്തുത്യര്ഹമായ സേവനം അനുഷ്ഠിച്ചു കൊണ്ടാണ് ഈ വിദ്യാലയം ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത്. സർവ്വശ്രീ ജി ശാരദാമണി , എം.ജെ ആഗ്നസ്, എം.സി പരമേശ്വരൻ നമ്പ്യാർ , ഗോപാലകൃഷ്ണൻ .,എ.എം നാരായണൻ നമ്പീശൻ, കെ.ജി.മധുസൂദനൻ, കോശി ഫിലിപ്പ്, പി.കെ കുഞ്ഞികൃഷ്ണൻ, വി.പദ്മിനി, ഡി. രാജു പങ്കജം കണിയാംപറമ്പിൽ, ഡോക്ടർ സി വാസു, കെ.ബാലകൃഷ്ണൻ കെ.സി വിജയൻ, എ.മൂസ തുടങ്ങിയവരെ നന്ദി പൂർവം സ്മരിക്കുന്നു. ഓരോ വർഷവും കുട്ടികളുടെ എണ്ണം കൂടിക്കൂടി വരികയായിരുന്നു .ഓരോ ഘട്ടത്തിലും പി ടി എ യുടെ നേതൃത്വത്തിൽ ഓല ഷെഡ് പണിതു സ്ഥാലം ഒരുക്കി .അകലങ്ങളിൽ നിന്ന് ഓലയും മുള, കവുങ്ങും കടത്തിക്കൊണ്ടുവന്ന ഷെഡ് കെട്ടി പുതുക്കലിനു നേതൃത്വം നല്കലായിരുന്നുഅദ്ധ്യാപകരുടെപ്രധാനജോലി

തുടർന്ന് ഹെഡ്മാസ്റ്റർ ആയി ഈ സ്ക്കൂൾ ചാർജ്ജ് എടുത്തിരുന്ന അംബിക ടീച്ചുടെ കാലത്തുള്ള സ്ക്കൂളിൻ്റെ അച്ചടക്ക രംഗത്ത് കാര്യമായ ചലനങ്ങൾ ഉണ്ണ്ടാക്കാൻ സാധിച്ചു. ഉപജില്ലാ വിദ്യാദ്യാസ ഓഫീസർ ആയി സ്ഥലം മാറിയസ്ഥാനത് കഴിഞ്ഞ മൂന്ന് വർഷം ടീചർ സ്ഥാനം അലങ്കരിക്കുന്നു. എല്ലാ കാര്യത്തിലും വളരെ സജീവമായി ഇടപെടുന്ന കാലയളവിൽ സ്ക്കൂളിൻ്റെ ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടലിന്റെ കാര്യത്തിൽ വളരേപുരോഗതി ദൃശ്യമാവുന്നുണ്ട്. ഹൈസ്ക്കൂൾ ക്ലാസുകൾ മുഴുവനായും ഒറ്റയടിക്ക് ഹൈ ടെക് ആക്കി മാറ്റുന്നതിൽ ടീച്ചറുടെ പങ്ക് വളരെ വലുതാണ്. കമ്പ്യൂട്ടർ ലാബിൽ രണ്ടുതവണയായി 12 കംപ്യൂട്ടറുകൾ അനുവദിക്കപ്പെട്ടതും പ്രൈമറി വിഭാഗത്തിൽ ഒരു ക്ലാസ്സ്മുറി ഹൈടെക് ആയതും നമ്മുടെ സ്ക്കുളിന് ലിറ്റി കൈറ്റ് യൂണിറ്റ് അനുവദിക്കഈ കാലയളവിനണെന്ന എടുത്തു പറയേണ്ട വസ്തുതയാണ്. തുടർന്നുള്ള വർഷങ്ങളിലായി വന്ന പ്രധാന അധ്യാപകരും മറ്റ് അധ്യാപകരും സ്ക്കൂളിനെ ബൗദ്ധികവും അക്കാദമികവുമായ മികവിലേക്കെത്തിക്കാൻ പ്രവർത്തിച്ചവരാണ്. ഹൈസ്ക്കൂൾ വിഭാഗത്തിനായി ശാസ്ത്രപോഷിണി ലാബ് അനുവദിച്ചതും ഭൗതിക സാഹചര്യം മികവിലേക്ക് നയിക്കുന്നു . ഒന്നരക്കോടി ചെലവഴിച്ച് ഹൈടെക് കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനവും, സ്ക്കൂൾ ഓഡിറ്റോറിയം ഉദ്ഘാടനവും ഈ വരുന്ന 26/ 02/24 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിക്കുന്നു .ഈ കാലയളവിൽ ഹെഡ്മാസ്റ്ററായി മനോജ് .എയും ഹയർ സെക്കൻഡറി പ്രിൻസിപ്പൾ സതീശൻ പിയും,വിഎച്ച്എസ്ഇ പ്രിൻസിപ്പൽ അരുൺരാജിയും.നേതൃത്വം.നൽകി.

GOVT.V.H.S.S EDAYANNUR

1990 ൽ ദശവാർഷികത്തോടനുബന്ധിച്ച് പി ടി എ യുടെ നേതൃത്വത്തിൽ എൺപതിനായിരം രൂപ ചെലവിൽ നാട്ടുകാരുടെ സഹകരണത്തോടെ സ്റ്റ നിർമ്മിക്കുകയുണ്ടായി .അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ .കെ ജി മധുസൂദനൻ മാസ്റ്റർ ആയിരുന്നു ഇതിനു നേതൃത്തം നൽകിയത്. തുടർന്ന് ഹെഡ് മാസ്റ്റർ ആയി വന്ന ശ്രീ കോശി ഫിലിപ്പിന്റെ ശ്രമഫലമായി എൻ .സി .സി യുടെ ഒരു യൂണിറ്റ് അനുവദിച്ചു കിട്ടി . ശ്രീ പി വി സുരേശൻ മാസ്റ്റർ ആയിരുന്നു ആദ്യത്തെ എൻ സി. സി ഓഫീസർ. അന്ന് പിടിഎ പ്രസിഡന്റ്റ് ആയിരുന്ന ശ്രീ. കെ മുഹമ്മദ് ഹാജി സ്വന്തം ചെലവിൽ ഒരു കിണർ കുഴിച്ചു സ്ക്കൂളിന് സംഭാവന നൽകുകയുണ്ടായി

1994 ൽ പി ടി എ യുടെ ശ്രമഫലമായി ഇന്ദിരവികാസ് യോജന പദ്ധതിയിലൂടെ സ്വരൂപിച്ച അന്പത്തിനാലായിരം രൂപ ഉൾപ്പെട75000 രൂപ ചെലവിൽ നാലു ക്ലാസ് മുറികൾ ഉൾപ്പെട്ട കെട്ടിടത്തിന് ഓടിട്ട മേൽക്കൂര പണിതു. 1996 ൽ 5000 രൂപ സർക്കാരിലേക്ക് കെട്ടിവെച്ചതിന്ടെ ഫലമായി എൽ.ബി.എസ് സെൻ്ററിൻ്റെ കീഴിൽ 5 കംപ്യൂട്ടറുകൾ സ്ഥാപിച്ചു. കമ്പ്യൂട്ടർ പഠനം ഈ സ്ക്കൂളിലെ പൂർവ വിദ്യാർത്ഥി ആയിരുന്ന ശ്രീ കെ ബാലകൃഷ്ണനൻ്റെയും അന്നത്തെ എം ൽ എ ആയിരുന്ന ശ്രീ .കെ പി നൂറുദ്ധീൻ്റെയും ശ്രമഫലമായി 1996 ൽ 20 ക്ലാസ് മുറികൾ ഉൾപ്പെടുന്ന കെട്ടിടത്തിന് അനുമതി ലഭിച്ചു പി ടി എ പ്രസിഡൻ്റ് ആയിരുന്ന ശ്രീ കെ മുഹമ്മദ് ഹാജി തന്നെ നിർമാണ പ്രവർത്തി ഏറ്റെടുത്തു. കെട്ടിടത്തിൻ്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചത് അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ ഇ ടി മുഹമ്മദ് ബഷീർ ആയിരുന്നു. രണ്ടു വർഷം കൊണ്ട് നിർമാണം പൂർത്തിയായി. അന്ന് വിദ്യാഭവകുപ്പു മന്ത്രി ആയിരുന്ന ശ്രീ പിണറായി വിജയൻ ആണ് കെട്ടിടത്തിന്റെ ഉത്ഘാടനം നിർവഹിച്ചത് . അതോടെ ഓലപ്പുര തീരെ ഇല്ലാതായി .

2024-25വർഷം ജി വി എച്ച് എസ് എസ് എ ടയന്നൂരിന് തിളക്കമാർന്ന പല നേട്ടങ്ങളും കൈവരിക്കാൻ സാധിച്ചു.അക്കാദമിക മേഖലകളിലും കലാ ശാസ്ത്ര മേഖലകളിലും ഐ ടി മേഖലയിലും കായിക മേഖലയിലും നമ്മുടെ മിന്നും താരങ്ങൾ തിള ക്കാമാർന്ന വിജയങ്ങൾ നേടിയെടുത്തു.. വർക്ക് എക്സ്പീരിയൻസിലും ശാസ്ത്രമേളയിലും നമ്മുടെ അഭിമാന താരങ്ങളായ ഹന ഫർഹ, ഫിദ ഷെറിൻ,ആയിഷ സി എന്നിവർ സംസ്ഥാന വിജയികളായി മാറി.. ഐ ടി മേളയിൽ നമ്മുടെ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥിയായ ശ്രീനന്ദ്. പി. വിനോദിന് ജില്ലാമേളയിലേക്ക് സെലക്ഷൻ കിട്ടി എന്നതും എടുത്ത് പറയേണ്ട കാര്യമാണ്.. ഇതിനൊക്കെ നേതൃത്വം കൊടുത്തു കൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ സതീശൻ മാഷും ഹെഡ്മാസ്റ്റർ ഗീത ടീച്ചറും അവരുടെ പ്രവർത്തനം തുടർന്ന് വരുന്നു






**റവന്യൂ ജില്ല**

കണ്ണൂർ

**ഉപജില്ല**

തലശ്ശേരി

**പ്രധാന അദ്ധ്യാപകൻ**

വി എം ഗീത

**പി.ടി.എ പ്രസിഡണ്ട്**

ശ്രീ എൻ അബ്ദുൽജലീൽ

**കൈറ്റ് മിസ്ട്രെസ്**

സുരജ. കെ

ഫാത്തിമത്തുൽ ബത്തൂല  കെ.വി

# GOVT.V.H.S.S EDAYANNUR

## നിരവർന്നു നിറമേകുന്നു ഇന്ത്യ

അമ്മയായ്ത്തീർന്നൊ രെൻ ഇന്ത്യ...
നന്മയായ്ത്തീർന്നൊരെൻ ഇന്ത്യ...
ധീര സമരനേതാക്കളുടെ ചുറ്റുചോര ചീന്തിയ
പാവന ഭൂമിയാണിന്ത്യ
മലകളും പുഴകളും പച്ചപ്പുമേറുന്ന
ശാന്തസുന്ദര സുരഭില ഭൂമി
ഇന്നുമെന്നിന്ത്യയ്ക്ക് കാവിലായി നിലക്കുന്നു
പലദേശ പല ഭാഷാ സൈന്യം
ഉത്സവം ആഘോഷം ഒട്ടും കുറയാതെ
നിറവാകുന്നു നിറമേകുമിന്ത്യ
ആത്മ സംതൃപ്തിയർകുന്നയിന്ത്യ
അഭിമാനമയൊരെൻ ഇന്ത്യ
എന്റെ സ്വന്തമാണ് എന്റെ ഇന്ത്യ

Anunadha c
Rajesh
8th_D

## सुंदर फूल

फूल - फूल सुंदर फूल
नीले , पीले , लाल फूल ,
देखो - देखो सुंदर फूल ।
नाच दिखाते सुंदर फूल ,
तितली के दोस्त सुंदर फूल
फूल - फूल सुंदर फूल ।

लुब्रा षेरिन
पाँच - बी ।

# അമ്മിണി അമ്മയുടെ പിറന്നാൾ

അമ്മിണി അമ്മയുടെ അടുക്കളയിൽ ഇന്ന് പതിവില്ലാതെ പ്രഷർ കുക്കറും , മിക്സിയും ഒക്കെ ശബ്ദിക്കുന്നു. അവർ അങ്ങോട്ടും ഇങ്ങോട്ടും ധൃതിപിടിച്ച് ഓടുകയാണ്. മനുവിന് ഇഷ്ടമുള്ള പച്ചടി നേരത്തെ തന്നെ തയ്യാറായി കഴിഞ്ഞു. പച്ചടിക്ക് നല്ല പുളിയുണ്ടാവുന്നതാണ് മനുവിന് ഇഷ്ടം. വിനുവിന് ഇഷ്ടമുള്ള സാമ്പാർ അടുപ്പത്തു വച്ചിട്ടേയുള്ളൂ. കുട്ടികൾക്കുള്ള ഐസ്ക്രീം ഫ്രിഡ്ജിൽ നേരത്തെതന്നെ വാങ്ങിവച്ചിരുന്നു .

ഇന്ന് അമ്മിണി അമ്മയുടെ അറുപതാമത്തെ പിറന്നാൾ ആണ്. മകൾ വരാതിരിക്കില്ല അമ്മിണി അമ്മയുടെ മുഖം സന്തോഷം കൊണ്ട് വിടർന്നു. " ഒരു ഫോൺ കോൾ പോലും ചെയ്യാതെ ഉച്ചസമയം കയിവന്ന് എന്നെ അതിശയിപ്പിക്കാൻ അവർ പ്ലാൻ ചെയ്തിട്ടുണ്ടാവും എന്റെ മക്കളുടെ സൂത്രം എനിക്കറിയില്ലേ "

എല്ലാ വിഭവങ്ങളും തയ്യാറായി കഴിഞ്ഞു.

അവർ വിഭവങ്ങൾ ഓരോന്നായി ഓരോ പാത്രത്തിലേക്ക് മാറ്റിതീൻ മേശയിൽ വച്ചു. "മകൾ വിഷനിട്ടവും കയറി വരുക. എല്ലാം റെഡി ആക്കി വെച്ചാൽ പെട്ടെന്ന് തന്നെ കഴിക്കാലോ."

അമ്മിണിയമ്മ ഉമ്മറത്തുള്ള കസേരയിൽ വന്നിരുന്നു. സൂര്യൻ അസ്തമിക്കാറായി മുന്നിലുള്ള വിശാലമായ പാടത്തുനിന്നു കിളികൾ കൂട്ടത്തോടെ മടങ്ങിത്തുടങ്ങി ചിലത് തനിച്ചു.കൂലിവേല കഴിഞ്ഞ് സന്ധ്യാസമയം വീട്ടിലേക്ക് വരുമ്പോൾ പിറന്നാൾ ദിനത്തെ അമ്മിണി അമ്മയുടെ കൈയിൽ സമ്മാനപ്പൊതി ഏൽപ്പിക്കുന്ന ഭർത്താവിനെ ഓർത്ത് അവരുടെ കണ്ണുകൾ നിറഞ്ഞ ഒഴുകാൻ തുടങ്ങി.

വയൽ വരമ്പിലൂടെ ആരോ നടന്നു വരുന്നതായി അമ്മിണിയമ്മ കണ്ടു. അവർ മുറ്റത്തെത്തി അതു മറ്റാരും ആയിരുന്നില്ല.അമ്മിണി അമ്മക്ക് ഏറെ

ഇഷ്ടമുള്ള അടുത്ത വീട്ടലെ ഊമപയ്യൻ അപ്പുവും അവന്റെ വളർത്തുനായ ടോമിയും ആണ്. അപ്പുവിന്റെ കയ്യിലെ സമ്മാനപ്പൊതി അമ്മിണി അമ്മയുടെ നേർക്കു നീട്ടി. അമ്മിണി അമ്മ അവനെ ചേർത്തുപിടിച്ചു. അവൻറെ കൈപിടിച്ച് വീട്ടിനകത്തേക്ക് കയറി. വളർത്തുനായ ടോമിയും അകത്തേക്ക് കയറാൻ നോക്കി. അപ്പു അവനെ വിലക്കി. പക്ഷേ അമ്മിണിയമ്മ സ്നേഹത്തോടെ അവനെ തലോടി. അവനും അമ്മിണി അമ്മയ്ക്കൊപ്പം അകത്തേക്ക്

കടന്നു.അവർ മൂന്നുപേരും സന്തോഷത്തോടെ ഭക്ഷണം കഴിച്ചു.

ദേവാംഗന.കെ. 6-A



GOVT.V.H.S.S EDAYANNUR

# നെയ്യപ്പം

നെയ്യപ്പം ഇത് നെയ്യപ്പം
കറുമുറ തിന്നാം നെയ്യപ്പം

പലഹാരങ്ങളിൽ കേമനിവൻ
സൽകാരങ്ങളിൽ വീരനിവൻ

കുട്ടനും കിട്ടനും വേണമിത്
ചേട്ടനും ചേച്ചിക്കും ഇഷ്ട മിത്

കൊതിയൂറും രുചിക്കൂട്ടിൽ
മണമൂറിടും നിറക്കൂട്ടിൽ

പഴമക്കാരുടെ തോഴനിവൻ
ഇവനൊരു കൊമ്പൻ നെയ്യപ്പം

കുസൃതി ക്കൂട്ടം വീടണയുമ്പോൾ
കുട്ടയിലുണ്ടേ നെയ്യപ്പം

നെയ്യപ്പം ഇത് നെയ്യപ്പം
കാണാൻ ചേലുള്ള നെയ്യപ്പം

[illegible]
[illegible] - [illegible]

# റോസാപ്പൂവ്:

പൂക്കളുടെ കൂട്ടത്തിലെ സുന്ദരി ഇവൾ.
ഇവളുടെ ഈ സൗന്ദര്യം കണ്ട് ആരിവളെ ഒന്ന് പറിച്ചു നോവിക്കും.
സുഗന്ധത്തിൽ ആരെയും മയക്കി വീഴ്ത്താനുള്ള അതീവശക്തി
നീ പലതരത്തിന്റെ പ്രതീകമായി മാറുന്നു.
റോസാപ്പൂവ് എന്ന നിന്നെ കാണുമ്പോൾ മനസ്സിൽ സന്തോഷം
നിറക്കുന്നു. റോസാപ്പൂവ് എന്ന നീ മനസ്സിൽ സുന്ദരഗാനം
ആലപിക്കുന്നു..............

[illegible]

GOVT.V.H.S.S EDAYANNUR

# ആടുജീവിതം - ആസ്വാദന കുറിപ്പ്

പ്രശസ്ത കവി ബെന്യാമിൻ എഴുതിയ ഒരു കൃതിയാണ് ആടുജീവിതം. സമീപകാലത്ത് മലയാള സാഹിത്യത്തിൽ ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്ത ഒരു കൃതി കൂടിയാണിത്.വലിയ സ്വപ്നങ്ങളുമായി സൗദി അറേബ്യയിൽ തൊഴിൽ തേടിയെത്തി വഞ്ചിക്കപ്പെട്ട് മൂന്നിലേറെ വർഷം ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ അടിമപ്പണി ചെയ്യേണ്ടിവന്ന നജീബ് എന്ന  മണൽ വാരൽ തൊഴിലാളിയാരുന്ന മലയാളിയുടെ യഥാർത്ഥ കഥയാണിത്. നജീബ് തന്റെ കൂട്ടുകാരന്റെ ബന്ധു വഴി ലഭിച്ച വിസ വഴി ഗൾഫിലേക്ക് പോകാൻ ഒരുങ്ങുന്നു. കൂടെ പരിചയക്കാരനായ ഹക്കീം എന്ന ചെറുപ്പക്കാരനും ഉണ്ടായിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ അവർ എയർപോർട്ടിൽ ഏറെ നേരം അവരുടെ അർബാബിനെ കാത്തിരുന്നു. ഇതിനിടയിൽ അവർ തങ്ങളുടെ അർബാബ് ആണെന്ന് കരുതി മറ്റേതോ അർബാബിന്റെ കൂടെ പോകുന്നു. അദ്ദേഹം അവരെ രണ്ടുപേരെയും മസറ എന്ന വിളിപ്പേരുള്ള വെവ്വേറെ  ആടുവളർത്തൽ കേന്ദ്രത്തിലേക്ക് കൊണ്ടു ചെന്ന് എത്തിക്കുന്നു. തീരെ വൃത്തിയില്ലാത്ത സ്ഥലത്ത് ആടുകളെയും ഒട്ടകങ്ങളെയും പരിപാലിച്ചു കൊണ്ടുള്ള ഒരു നേരത്തെ വിശ്രമം പോലും ഇല്ലാത്ത കഠിന ജോലിയായിരുന്നു ഉണ്ടായിരുന്നത്. നജീബ് അവിടെ എത്തിയപ്പോൾ തനിക്ക് മുമ്പ് ജോലിയെടുക്കാൻ വന്ന  മറ്റൊരു വ്യക്തിയെ അവിടെ കാണുന്നു. അനേക വർഷത്തെ കഠിനമായ ജോലി അയാളെ ഒരു ഭീകരരൂപിയാക്കി മാറ്റിയിരുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം ആ ഭീകരരൂപിയെ കാണാതായി. അദ്ദേഹം രക്ഷപ്പെട്ടു എന്ന് നജീബ് കരുതിയെങ്കിലും കുറച്ചു ദിവസങ്ങൾക്കു ശേഷം ആടുകളെ മേയ്ക്കാൻ നജീബ് മരുഭൂമിയിലെ കുറച്ച് അകന്ന സ്ഥലത്തേക്ക് പോയപ്പോൾ അവിടെ ആ ഭീകര രൂപയുടെ അഴുകിയ നിലയിലുള്ള കൈപ്പത്തിയും വസ്ത്രങ്ങളും കാണുന്നു. ഇതോടെ ഭീകര രൂപി രക്ഷപ്പെട്ട പോലെ തനിക്കും രക്ഷപ്പെടാം എന്ന് കരുതിയ നജീബിനെ മനസ്സിൽ ഭീതി ഉണ്ടാകുന്നു. ആട്ടിൻ പാലും കുബ്ബൂസ് എന്ന റൊട്ടിയും കുറച്ച് വെള്ളവും മാത്രമായിരുന്നു എല്ലാ ദിവസത്തെയും അവിടത്തെ ഭക്ഷണം. കുറച്ച് അധികം വെള്ളം കുടിക്കാനോ കുളിക്കാനോ ഉള്ള അർഹത അവിടെ ഉണ്ടായിരുന്നില്ല. കിടക്കാൻ പ്രത്യേകം മുറിയോ കിടക്കയോ ഉണ്ടായിരുന്നില്ല. ഒന്ന് രണ്ട് വർഷങ്ങൾക്കു ശേഷം ഹക്കീമും നജീബും കണ്ടുമുട്ടുന്നു. ഇതിനിടയിൽ അവിടെയെത്തിയ സൊ മാലിയക്കാരനായ ഇബ്രാഹിം ഖാദരി എന്ന വ്യക്തി ഇവർ രണ്ടുപേരെയും ആ മരുഭൂമിയിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കാം എന്ന് പറയുന്നു. തക്കതായ ഒരു ദിവസം കണ്ടെത്തി ഇവർ മൂവരും അവിടെ നിന്ന് ഒളിച്ചോടുന്നു. അനേകം ദിവസം ഇവരുടെ യാത്ര നീളുന്നു. കയ്യിൽ കൊണ്ടുവന്ന ഭക്ഷണവും വെള്ളവും തീരുന്നു. കുറച്ചുദിവസം വെള്ളവും ഭക്ഷണമില്ലാതെ അവർ തള്ളി നിൽക്കുന്നു. ഒരു ദിവസം ദാഹം സഹിക്കാൻ വയ്യാതെ ഹക്കീം മരണപ്പെടുന്നു. തുടർന്ന് നജീബും ഇബ്രാഹിം ഖാദരിയും ആ മരുഭൂമിയിൽ ഒരു മരുപ്പച്ച കണ്ടെത്തുന്നു. അവിടെ കുറച്ചുദിവസം തങ്ങി ദാഹവും വിശപ്പും മാറ്റിയശേഷം അവർ വീണ്ടും യാത്ര തുടരുന്നു. കുറേ ദൂരം നടന്ന ശേഷം അവർ ഒരു ഹൈവേയിൽ എത്തുന്നു. അപ്പോഴേക്കും ഇബ്രാഹിം ഖാദരിയെ കാണാതാകുന്നു. അവിടെ ഉണ്ടായിരുന്ന കുറച്ചു പേർ നജീബിനെ കാണുകയും അവനെ സഹായിക്കുകയും ചെയ്യുന്നു. ഈ കഥ വായിക്കുന്ന ഓരോ വായനക്കാരന്റെയും ഉള്ളിൽ ആകാംക്ഷ ഉണർത്തുന്ന രംഗങ്ങൾ ആണ് ഉള്ളത്.ഈ കഥ യഥാർത്ഥത്തിൽ നടന്നതാണെങ്കിലും ഇതിലെ ഓരോ സംഭവങ്ങളും നമുക്ക് അവിശ്വസനീയമായി തോന്നിയേക്കാം.

# പേരില്ലാത്തവൾ

പാതിവിരിഞ്ഞ
കണ്ണുകളിലൂടെ
തേഞ്ഞു തീർന്ന വഴികളെ നോക്കി
എങ്ങും എത്താത്ത
സ്ഫടികാരഗോപുരങ്ങൾ
നീങ്ങി നീങ്ങി പോകുമ്പോൾ
മച്ചകത്തെ ഗൗലികൾ

ചില - ചലിക്കുന്ന ശബ്ദം
ചിറകടിക്കുന്ന ചീവിടുകൾ
പുകഞ്ഞ സങ്കടങ്ങളിലൂടെ
ഇറങ്ങി ഓടിയ ദൈവത്തെ
തിരികെ വിളക്കാൻ
മടിച്ചുനിന്നുഞാൻ

ജാതിയിൽ താഴ്ന്നതിന്
മാറ്റി നിർത്തിയ ലോകത്തിൽ
കുലമഹിമ പറയാൻ
പേരില്ലാത്തവർ എന്ന മുദ്രകുത്തിയ
പോലെ

പുകപിടിച്ച ഭൂമിയിൽ
നിശ്ചലമായി നിന്നുഞാൻ .

indra raji 6A

# നല്ലവനായ മുയൽ

പണ്ട് പണ്ട് ഒരു കാട്ടിൽ മൃഗങ്ങൾ താമസിച്ചിരുന്നു. ഒരു ദിവസം ഒരു മുയൽ കാട്ടിലൂടെ നടക്കുമ്പോൾ അടുത്തുള്ള കുറ്റിക്കാടുകളിൽ നിന്നും ഭീകരമായ ഒരു ശബ്ദം കേട്ടു. മുയലിന് ചെറിയ പേടി ഉണ്ടായിരുന്നു. പെട്ടെന്ന് ഒരു ചെന്നായ ചാടി വന്നു മുയൽ പേടിച്ച് ഓടി. ചെന്നായ മുയലിന്റെ പുറകെ ഓടി പെട്ടെന്ന് അവിടെ മുയലിന്റെ കൂട്ടുകാരനായ ആനചേട്ടൻ വന്നു മുയൽ ആനചേട്ടന്റെ പുറകിൽ ഒളിച്ച് നിന്നു ആനയെ കണ്ട് ഞെട്ടിയ ചെന്നായ ഓടിപേയി.
പിറ്റേന്ന് മുയൽ കാട്ടിലൂടെ നടക്കുമ്പോൾ കാട്ടിൽ നിന്ന് ഒരു ശബ്ദം കേട്ട് മുയൽ അവിടെക്ക് പോയി നോക്കുമ്പോൾ ഇന്നലെ മുയലിനെ ഓടിച്ച ചെന്നായെ ഒരു വേട്ടകാരൻ പിടിച്ചു വേട്ടക്കാരന്റെ വലയിൽ വീണ ചെന്നായെ കാണുമ്പോ ൾ മുയലിന് വിഷമം തോന്നി മുയൽ തന്ത്ര പൂർവ്വം വലയിൽ വീണ ചെന്നായിന്റെ അടുത്ത് ചെന്ന് പറഞ്ഞു ചെന്നായെ ശരി എന്ന് പറഞ്ഞു അങ്ങനെ വേട്ടക്കാരന്റെ  കണ്ണിൽ പെടാതെ മുയൽ ചെന്നായെ രക്ഷിച്ചു. നന്ദി സുഹൃത്തേ എന്നോട് ക്ഷമിക്കണം ഞാൻ നിന്നെ ഭക്ഷിക്കാൻ നോക്കിയില്ലേ എനിക്ക് ഒരു ആപത്തു വന്നപ്പോൾ നിന്റെ ഈ നല്ല മനസ്സിന്. എന്തിനാ നന്ദി പറയുന്നേ ഒരാൾ ആപത്തിൽ പെട്ടാൽ അവരെ കണ്ട് അറിഞ്ഞ് സഹായിക്കണം

Anushka .K  6A

GOVT.V.H.S.S EDAYANNUR

# മനോഹരമായ യാത്ര

ഒരു ദിവസം ഞാനും എന്റെ കുടുംബവും ഒരു യാത്ര പോയി.  ഞങ്ങൾ പോയ ആ സ്ഥലം സൗദി അറേബ്യ ആയിരുന്നു. ആ ദിവസമാണ് ഞാൻ ആദ്യമായി വിമാനത്തിൽ കയറിയത്. അന്ന് എനിക്ക് വളരെ സന്തോഷമുള്ള ദിവസവും ക്രൂടിയായിരുന്നു. അതുകൊണ്ട് ആ ദിവസം ഒരിക്കൽ പോലും മറക്കാൻ സാധിക്കുകയില്ല. കാരണം അന്ന് എന്റെ പിറന്നാൾ ക്രൂടി ആയിരുന്നു. എന്റെ പിറന്നാളിന് എന്റെ പിതാവ് എനിക്ക് നൽകിയ ഏറ്റവും വലിയ സമ്മാനമായി ഞാൻ ആ യാത്ര ഓർക്കുന്നു. എന്റെ ജീവിതത്തിലെ സ്വപ്നമായിരുന്നു വിമാനത്തിൽ കയറുക എന്നുള്ളത്. ആ ദിവസം എനിക്ക് 12 വയസ്സ് പൂർത്തിയാവുകയായിരുന്നു. എന്റെ ജീവിതത്തിൽ ഇതുവരെ കാണാത്ത ഒരുപാട് കാര്യങ്ങളും ഞാൻ ആ യാത്രയിൽ കണ്ടു. പച്ചപ്പ് നിറഞ്ഞ പ്രദേശങ്ങളും, മലകളും, പാറകളും, ധാരാളം കെട്ടിടങ്ങളും എല്ലാം ഞാൻ ആ യാത്രയിൽ കണ്ടു. പിന്നീട് 1മാസം കഴിഞ്ഞപ്പോൾ ഞാനും കുടുംബവും  തിരിച്ചു മടങ്ങി. ഞാൻ പോയ യാത്രകളിൽ ഏറ്റവും ഭംഗിയുള്ള തും മനോഹരമുള്ളതുമായ ആ യാത്ര.

Hadiya .K.P
8thB

GOVT.V.H.S.S EDAYANNUR



# അമ്പിളിമാമൻ

മോനെ നോക്കൂ  മാനത്ത്
അമ്പിളി മാമനെ കണ്ടില്ലേ
അമ്പിളി മാമാ അമ്പിളി മാമാ താഴത്തേക്ക് വരുമോ നീ

പപ്പടം പോലുള്ള അമ്പിളി നീ
തോണി പോലുള്ള അമ്പിളി നീ
ഞാനോടുമ്പോൾ എന്റെ പിറകിൽ
ഞാൻ നടക്കുമ്പോൾ എന്റെ പിറകിൽ ...

അമ്പിളി മാമാ  അമ്പിളി മാമാ..... താഴത്തേക്ക് വരുമോ നീ.....
താഴത്തേക്ക് വന്നാൽ ചോറും കറിയും ഞാൻ നൽകാം
പാലും പഴവും ഞാൻ നൽകാം
അമ്പിളി മാമാ അമ്പിളി മാമാ
താഴത്തേക്ക് വരുമോ നീ
താഴത്തേക്ക് വന്നാൽ ചക്കര ഉമ്മ നൽകാം ഞാൻ

# ഓക്ക് മരത്തിന്റെ പിറുപിറുപ്പ്

രണ്ട് വലിയ കുന്നുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ ഗ്രാമത്തിൽ ഓൾവൻ എന്ന പേരുള്ള ഒരു പുരാതന ഓക്ക് മരം ഉണ്ടായിരുന്നു.നൂറ്റാണ്ടുകളോളം ഓൾവൻ ഗ്രാമത്തെ നിരീക്ഷിച്ചു. അവളുടെ മുഷിഞ്ഞ ശാഖകൾ വാടിപോയ വിരലുകൾ പോവേ ആകാശത്തേക്ക് നീണ്ടു. ഭൂതക്കാലത്തിന്റെ രഹസ്യങ്ങളും കുശുകുശുപ്പുകളും ഓൾവെന്റെ  കൈവശമുണ്ടെന്ന് ഗ്രാമീണർ വിശ്വസിച്ചു. കുട്ടികൾ അവളുടെ കൊമ്പുകളുടെ ചുവട്ടിൽ കളിക്കും, ഇലകളുടെ മൃദുവായ തുരുമ്പെടുക്കൽക്കേട്ട്, പുരാതന കഥകൾ അവർ സത്യം ചെയ്യ്തു. ഒരു വേനൽക്കാല സായാഹ്നത്തിൽ ലിപ്പി എന്ന പെൺക്കുട്ടി തന്റെ അമ്മയുടെ ജന്മദിനത്തിനായി കാട്ടുപ്പൂക്കളുടെ പൂച്ചെണ്ട് തേടി കാട്ടിലേക്ക് അലഞ്ഞു അവൾ കൂടുതൽ ആഴത്തിൽ അലഞ്ഞുതിരിയുമ്പോൾ, മരങ്ങൾ വളർന്ന നനഞ്ഞ ഭൂമിയുടെ സുഗന്ധത്താൽ വായു കട്ടികൂടി.
ലിപ്പി ഓൾ വെനിൽ ഇടറിവീണ്ടു. അവളുടെ പുറം തൊലി പ്രായത്തിനനുസരിച്ച് വളഞ്ഞുപുളഞ്ഞു. പെൺക്കുട്ടി വിരലുകൾ കൊണ്ട് പാറ്റേണുകൾ കണ്ടെത്തി. പെട്ടന്ന് കാറ് നിശ്ചലമായി, കാടിന് മുകളിൽ ഒരു അഭൗമിക നിശബ്ദത വിണു. ഓൾവെന്റെ ഇലകൾ മൃദുവായി തുരുമ്പെടുത്തു. ഒരു വിശ്വാസം വിട്ടു. പുരാതന കഥ കേൾക്കുമ്പോൾ ലിപ്പിക്ക് കണ്ണുകൾ വിടർന്നു.
 നൂറ്റാണ്ടുകൾക്കു മുമ്പ് ഈ നാട് ചെറുപ്പവും വന്യവും മായിരുന്നപ്പോൾ ഞാൻ തലയുയർത്തി അഭിമാനത്തോടെ അനേകർക്കിടയിൽ ഒരു തൈയായി നിന്നു. ഗ്രാമവാസികൾ തണലും വിവേകവും തേടി എന്റെ അടുക്കൽ വരും. അവർ വീടുകൾ പണിയുകയും, കുടുംബം വളർത്തുകയും ജീവിക്കുകയും ചെയ്യുന്നത് ഞാൻ കണ്ടു ജീവിക്കുന്നു. " യുദ്ധങ്ങളും പട്ടിണികളും സന്തോഷവും ദുഃഖവും ഞാൻ കണ്ടു. എണ്ണമറ്റ സൂര്യോദയങ്ങളുടെ കുളിരും സൗമ്യമായ മഴയുടെ തണുപ്പും ഞാൻ അനുഭവിച്ചു. അതിലെല്ലാം ഞാൻ ഉറച്ചുനിന്നു ശക്തനായി ". കഥ അവസാനിച്ചപ്പോൾ ഇലകളെ ഒരിക്കൽ കൂടി തുരുമ്പെടുത്ത് കാറ്റ് മടങ്ങി. ഓൾമെന്റെ പ്രാചിന ജ്ഞാനത്തിന്റെ ഭാരം അനുവദിച്ചുകൊണ്ട് ലിപ്പി പരിഭ്രാന്തനായി നിന്നു. അന്നുമുതൽ ലിപ്പി പലപ്പോഴും ഓൾവെനെ സന്ദർശിച്ചു. മരത്തിന്റെ മാന്ത്രിക പൂക്കൾ ശ്രദ്ധിക്കുകയും ഭൂതകോലത്തിന്റെ രഹസ്യങ്ങൾ പഠിക്കുകയും ചെയ്യു. അവൾ വളർന്നപ്പോൾ ഓൾ വെന്റെ പാരമ്പര്യം നിലനിർത്തിക്കൊണ്ട് അവൾ ആ കഥകൾ സ്വന്തം മക്കളോടും കൊച്ചുമക്കളോടും പങ്കുവെച്ചു. കാടിന്റെ പ്രാചീന ഹൃദയവുമായി തങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഓൾവെന്റെ കുശുകുശുപ്പുകൾ അത്ഭുതത്തിന്റെയും വിസ്മയത്തിന്റെയും മന്ത്രവാദം നെയ്യുകൊണ്ടിരിക്കുകയാണെന്ന് അറിഞ്ഞ ഗ്രാമവാസികൾ പുഞ്ചിരിക്കും.

- ദയാൽ. വി
VIII-C

GOVT.V.H.S.S EDAYANNUR




GOVT.V.H.S.S EDAYANNUR

# INDIA GATE

GOVT.V.H.S.S EDAYANNUR



AMAL DEV VK 10thC

GOVT.V.H.S.S EDAYANNUR





GOVT.V.H.S.S EDAYANNUR

## കള്ളനും പോലീസും

ഒരു കാട്ടിൽ രണ്ട് കള്ളന്മനാർ ഉണ്ടായിരുന്നു. അവരാണ് ജ്ഞോറോ ജ്ഞോപ്പൻ. അവർ ഒരു കാമറ കട്ടു. പൂച്ച പോലീസ് അവരെ പിടിക്കാൻ വന്നു.

ധ്യാൻവിൻ ലിജ്ഞോ എം.വി





## കൊതിയൻ ചിക്കു



ഒരു ദിവസം ചിക്കു പൂച്ച
മീൻ തിന്നാൻ അടുക്കളയിൽ കറയി
എന്നിട്ട് മുഴുവൻ പാത്രവും പരതി
അപ്പോൾ പാത്രങ്ങൾ താഴെ വീണു പൊട്ടി
എന്നിട്ട് മിണ്ടാതെ നടന്നു പോയി

ഇവാനി പി ധനേഷ്
[illegible]

## എന്റെ വിദ്യാലയം

കാലങ്ങൾ എത്ര കടന്നാലും എൻ മനസ്സിനകത്തുള്ള ഗ്രന്ഥാലയം
ആത്മാർത്ഥവും കൂട്ടും ചേർന്ന് ഇനങ്ങിയ ചങ്ങാതിക്കൂട്ടമാണ്
എൻ വിദ്യാലയം
പെറ്റമ്മയെ പോലെ വാത്സല്യം തന്ന ഗുരുനാഥ കൻമാരുള്ള
എൻ വിദ്യാലയം
എന്നിലുള്ള നല്ലതും ചീത്തയും വേർതിരിച്ച് മന: ഗ്രന്ഥമാക്കിയ
എൻ വിദ്യാലയം
അക്ഷരമാലകൾ കോർത്തിണക്കിയ പൂന്തോട്ടത്തിൻ കാവലായ
എൻ വിദ്യാലയം
വിലമതിക്കാനാവാത്ത അറിവിന്റെ ഉറവിടമാണെൻ വിദ്യാലയം
ഈ വരികൾ കുറിക്കുവാനുള്ള ബുദ്ധിയും ധൈര്യവും എനിക്ക്
നൽകിയ എൻ വിദ്യാലയം
എത്ര വരികൾ എഴുതിയാലും തീരാത്ത കടപ്പാടുള്ള എന്റ
വിദ്യാലയം

faiza Jasmin PK
5A
(കവിത)

## കൊതിയൻ ചിക്കു

ഒരു ദിവസം ചിക്കു പൂച്ച
മീൻ തിന്നാൻ അടുക്കളയിൽ കറയി
എന്നിട്ട് മുഴുവൻ പാത്രവും പരതി
അപ്പോൾ പാത്രങ്ങൾ താഴെ വീണു
പൊട്ടി
എന്നിട്ട് മിണ്ടാതെ നടന്നു പോയി

ഇവാനി പി ധനേഷ്

## കള്ളനും പോലീസും

ഒരു കാട്ടിൽ രണ്ട് കള്ളന്മാർ
ഉണ്ടായിരുന്നു. അവരാണ് ജോറോ
ജോപ്പൻ. അവർ ഒരു കാമറ കട്ടു.
പൂച്ച പോലീസ് അവരെ
പിടിക്കാൻ വന്നു.

ധ്യാൻവിൻ ലിജോ എം.വി

GOVT.V.H.S.S EDAYANNUR

# വരകളുടെ ലോകത്തേക്ക്



GOVT.V.H.S.S EDAYANNUR


Shop




GOVT.V.H.S.S EDAYANNUR

# പൂങ്കാവനം

നിന്റെ പൂക്കൾക്കെന്തു ഭംഗി അതിൽ
ചിത്ര ശലഭമായ് മാറീടുവാൻ
എനിക്കാശയായ് നിന്നിലെ തേൻ നുകരാൻ

കണ്ണീിക്കു കുളിരേകിടും കാഴ്ചകൾ
നൽകീടും നിൻ പൂക്കളെല്ലാം

നയനമനോഹര ദൃശ്യമെല്ലാം ഞാൻ
എൻ പുസ്തകത്താളിൽ കുറിച്ചീടുവാൻ
വാക്കുകൾക്കായി ഞാൻ അലഞ്ഞീടുന്നു

ഞാനൊരു പൂവായി ജനിച്ചിരുന്നെങ്കിൽ
അതുതന്നെ എന്റെ പുണ്യമായി മാറിയേനെ

ഒരു കൊച്ചു പൈതലിത്താൻ പുഞ്ചിരി തൂകുവാൻ നിന്റെ പൂക്കൾ മാത്രം മതി
എനിക്കെന്നും

പുതിയ പുലരിക്കായി നീ വിരിയിക്കും
പൂക്കൾ തൻ സുഗന്ധം പരക്കുമീ ഭൂമിയിൽ
പുതു വസന്തത്തിൽ പ്രതീതിയായി മാറീടും

നിന്നെ പുകഴ്ത്തുവാൻ വാക്കുകളിലെന്റെ
കൈയിൽ വാക്കുകൾക്കതീതമാണ് നിന്റെ ഭംഗി

Sriya. K
7A

GOVT.V.H.S.S EDAYANNUR

# കൊടൈക്കനാലിലെ ഓർമ്മകൾ

2022 ഏപ്രിൽ 13 നാണ് ഞാനും എന്റെ കുടുംബവും കുറേ നാളുകൾക്ക് ശേഷം ഒരു യാത്ര പോകുന്നത്. കുറേ നാളുകൾക്കു ശേഷം പോകുന്നത് കൊണ്ടും എന്റെ പ്രിയപ്പെട്ട ബന്ധുക്കൾ എല്ലാവരും ഉള്ളതുകൊണ്ടും എനിക്ക് ഈ യാത്ര മറക്കാൻ പറ്റാത്തതും വളരെ സന്തോഷം തോന്നിയതുമായ ഒരു യാത്രയായിരുന്നു. ഞങ്ങൾ എവിടെയാ പോകുന്നതെന്നറിയോ.. കൊടൈക്കനാൽ. അങ്ങനെ ഞങ്ങൾ 2022 ഏപ്രിൽ 13 ന് രാത്രി യാത്ര പുറപ്പെട്ടു. രാത്രി യാത്ര ഇഷ്ടമുള്ളതുകൊണ്ടുതന്നെ  യാത്രയുടെ തുടക്കം തന്നെ എനിക്ക് വളരെ ഇഷ്ടപ്പെട്ടു...

ഏകദേശം രാവിലെ ആകുമ്പോൾ തന്നെ നമ്മൾ അവിടെ എത്തിയിരുന്നു. രാത്രി ബസിൽ നിന്ന് കുറേ കഴിഞ്ഞപ്പോഴായിരുന്നു മയങ്ങിയത്. അതുകൊണ്ട് അവിടെ എത്തിയതൊന്നും നമ്മൾ കുട്ടികളാരും അറിഞ്ഞിരുന്നില്ല. നമ്മൾ മയക്കത്തിൽ നിന്ന് ഉണരുമ്പോഴേക്കും നമുക്ക് താമസിക്കാനുള്ള റൂമിന്റെ മുൻപിൽ ആയിരുന്നു ബസ്. അങ്ങനെ ഉത്സാഹത്തോടെ എഴുന്നേറ്റു പുറത്തിറങ്ങിയ നമ്മളെ കോടമഞ്ഞും തണുപ്പും നടക്കാൻ കൂടി സമ്മതിച്ചില്ല. അത്രയും തണുപ്പായിരുന്നു. പക്ഷെ ആ കോടമഞ്ഞ് കാണാൻ തന്നെ മനോഹരമായിരുന്നു. അങ്ങനെ റൂമിൽ എത്തി കുളിയൊക്കെ കഴിഞ്ഞതിനുശേഷം ഞങ്ങൾ പുറത്തേക്കിറങ്ങി. ആദ്യം നമ്മൾ കുതിര സവാരി ചെയ്യാനായിരുന്നു പോയത്. നിസ്സാരം എന്ന് കരുതി കുതിരപുറത്ത് കയറിയ ഞാൻ കുതിരസവാരി കഴിയുന്നത് വരെ അനങ്ങിയില്ല. ആദ്യമായി കുതിരപുറത്ത് കയറുന്നതിന്റെ പേടിയും എന്നിലുണ്ടായിരുന്നു. പക്ഷെ ഇതൊന്നും എന്റെ ജീവിതത്തിൽ മറക്കാൻ പറ്റാത്ത സംഭവങ്ങൾ ആയിരുന്നു. അങ്ങനെ ഞങ്ങൾ അവിടുന്ന് പൈൻ ഫോറെസ്റ്റിലേക്ക് പോയി. അവിടെ നിറയെ മരങ്ങൾ ആയിരുന്നു. വിശാലമായ ഒരു സ്ഥലം. കുറേ കുരങ്ങന്മാരും ഉണ്ടായിരുന്നു. അവിടെ ഞങ്ങൾ കുറേ സമയം ഓടി കളിച്ചു. അവിടുന്ന് പിന്നെ റൂമിലേക്ക് പോയി. രാവിലെ അവിടെനിന്നും നാട്ടിലേക്ക് യാത്ര തിരിച്ചു....

ദേവനന്ദ പി.വി

GOVT.V.H.S.S EDAYANNUR



GOVT.V.H.S.S EDAYANNUR

## യാത്ര പോകാം

ഒരു പശുക്കുട്ടിയും തവളയും ടൂർ പോയി.
അവർ മിഠായി വാങ്ങി
പിന്നെ കാർ വാങ്ങി, ബിരിയാണി
നിന്നു.
രാത്രി വീട്ടിൽ എത്തി.

സയാമറിയം

## രണ്ടു കൂട്ടുകാർ

ചിന്നു അണ്ണാനും അമ്മുക്കിളിയും
കൂട്ടുകാരായിരുന്നു. ഒരു ദിവസം
അമ്മുക്കിളിയുടെ കാല് മുറിഞ്ഞു.
ചിന്നു അണ്ണാൻ മരുന്ന് വെച്ചു കെട്ടി
അമ്മുക്കിളിക്ക് സന്തോഷമായി

അമീർ മുഹമ്മദ്

GOVT.V.H.S.S EDAYANNUR

# സ്പോർട്സ്















GOVT.V.H.S.S EDAYANNUR

# എടയന്നൂരിലെ കൂട്ടായ്മ












GOVT.V.H.S.S EDAYANNUR

# മികവുകൾ









GOVT.V.H.S.S EDAYANNUR

# കലാമേളകൾ
# ശാസ്ത്രമേളകൾ






















GOVT.V.H.S.S EDAYANNUR

## LOVE IS A BLESSING!!

In a city, there is a family which is very rich in that city. A couple with two boys and a girl. But, in that family they have no happiness, peace and no more fun at all. The two Boys always irritate their sister, her name is  Rose and her little brother's name is Harry and Roy. She is studying in a big universal college.

One day, the whole family goes to a good witch and they tell, they have no happiness, peace and fun at all in our family. Then the witch reply to them " Go for a beautiful adventure trip. After coming back from the trip your whole family get all of these". And they do what the witch said.

After coming back from the trip the whole family is happy. But the girl Rose is nit happy. She is angry with her parents. And she left the home and went for as she can and she lives in a girl's hostel. She lived there for one year and also she don't like to live there. She don't like the food she all from there. She miss her family very well. And she is ready to go to her home itself.

When she went to the village everyone is lokking her very strangely. She did not take that very seriously. She go very fastly as she an. And she reach her home after one year. She ran it to her house and she call her parents in a loud voice. That time her brothers came and said a sad news.

The news is her parents are died. Because of she. She exclaimed "Me?.... No.... I didn't do anything ". Her brothers said "They loves you very much and they cares you every time. When you leaves the house they cry very much and tehy can't control their emotion and they can't handle by that they have an attack and they died". By hearing this, she burst in to a big emotion and she dislike her self and she cried a lot of times. Now, she don't loves her self. Now, she suicide and her brothers is very sad.

They both dig a big hole in church ground and out her in it and cover the hole with the soil. Roy said :- " Loving people are a blessing, and love is a blessing ".

Harry said :- " she only went peace and happiness she don't want live. Now she is resting in a peaceful place".

Reeha Fathima. A
8A

# LITTLE KITE


















GOVT.V.H.S.S EDAYANNUR

# India Gate

The ' India Gate ' is the national monument of India. It is in new delhi, India gate was designed by sir Edwin Lutyens he was built 1931.The 42 metre tall India gate id situated in such a way that many important road spread out form it.

He is built of red sandstone and granite. Originally known as the all this India war memorial, it is a prominent landmark in Delhi and commemorates the 90,000 Soldiers of the India Army who lost their lives while fighting for India empire or more correctly the British Raj in world war I India the third Anglo - Afghan war

Fathima shifana. A VIIA

GOVT.V.H.S.S EDAYANNUR















GOVT.V.H.S.S EDAYANNUR

# 2023-26LITTLE KITEBATCH



THANKS

GOVT.V.H.S.S EDAYANNUR